**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4215** **28-10-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വ സംസ്കാരവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. പ്രഭാകരൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി പ്രാരംഭ ഘട്ടത്തിൽ പാലിക്കേണ്ട നിയമപ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. |
| (ബി) | സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുകയും ചെയ്യുന്നു. 500 -ൽ പരം ED ക്ലബ്ബുകൾ സ്കൂൾ കോളേജ് തലങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ED ക്ലബ്ബുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും 20,000 രൂപ ഗ്രാന്റായി അനുവദിച്ച് വരുന്നുണ്ട്. |
| (സി) | നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ |

| | | | |
|---|---|---|---|
| | വികസിപ്പിക്കുന്നതിനും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ടെക്നോളജി ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. ഈ വഴി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനും ആ മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാധിക്കുന്നു. കൂടാതെ ILO അംഗീകരിച്ചിട്ടുള്ള പരിശീലന മാതൃകകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ